ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതുമായി ബന്ധപ്പെട്ട് നടന്ന അനിഷ്ട സംഭവങ്ങൾ

71. [21] ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പാർലമെന്റ് നിയോജകമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് പുതുതായി വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കേണ്ടവരുടെ ഹിയറിംഗിനും ഫോട്ടോ എടുപ്പിനും വേണ്ടി തിരുവനന്തപുരം ഫോർട്ട് സംസ്കൃതം സ്കൂളിൽ എത്തിയ കോൺഗ്രസ്സ് പ്രവർത്തകരെയും പൊതുജനങ്ങളെയും എൽ.ഡി.എഫ്. ഗുണ്ടകളും പ്രവർത്തകരും ആക്രമിക്കുകയും സ്കൂളിൽ കടന്ന് വോട്ടർ പട്ടികയുടെ രേഖകൾ നശിപ്പിക്കുകയും ചെയ്തുവോ;

(ബി) ഈ ആക്രമണവും രേഖ നശിപ്പിക്കലും നടത്തിയത് ആരുടെയെല്ലാം നേതൃത്വത്തിലായിരുന്നു; ഈ ആക്രമണത്തിൽ ആർക്കെല്ലാം മർദ്ദനമേറ്റു; ഈ മർദ്ദനത്തിന്റെയും ആക്രമണത്തിന്റെയും ഫലമായി പലരും ഹിയറിംഗിൽ പങ്കെടുക്കാതെ തിരിച്ചുപോയതായോ;

(സി) അവർക്ക് പിന്നീട് ഹിയറിംഗിനുള്ള സൗകര്യം കൊടുക്കുകയും അവരുടെ ഫോട്ടോ എടുക്കുകയും ചെയ്തുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) തിരുവനന്തപുരം പാർലമെന്റ് നിയോജകമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കാനായി ഫോർട്ട് സംസ്കൃത സ്കൂളിൽ എത്തിയ എൽ. ഡി. എഫ്. പ്രവർത്തകരും യു. ഡി. എഫ്. പ്രവർത്തകരും തമ്മിൽ ചെറിയ തോതിൽ ഉന്തും തള്ളും ഉണ്ടാകുകയും ആ സമയം പോലീസ് അവസരോചിതമായി ഇടപെട്ട് പ്രശ്നം പരിഹരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ സംഭവത്തിൽവെച്ച് ആർക്കുംതന്നെ പരിക്ക് പറ്റുകയോ, വോട്ടർ പട്ടികയുടെ രേഖകൾ നശിപ്പിക്കപ്പെടുകയോ ഉണ്ടായിട്ടില്ല.

(ബി, സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മന്ത്രിമാരുടെ വിദേശയാത്ര

22. [22] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 16 വരെ സംസ്ഥാനത്തെ ഏതെല്ലാം മന്ത്രിമാർ വിദേശയാത്ര നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ മന്ത്രിമാരും ഏതെല്ലാം രാജ്യങ്ങളാണ് സന്ദർശിച്ചതെന്നും അവർക്ക് ഓരോരുത്തർക്കും വിദേശയാത്രയ്ക്കായി ചെലവഴിച്ച തുക എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

(സി) മന്ത്രിമാരെ അനുഗമിച്ച ഉദ്യോഗസ്ഥന്മാർ ആരെല്ലാമാണെന്നും അവർക്ക് ഓരോരുത്തർക്കും വേണ്ടി ചെലവഴിച്ച തുക എത്ര വീതമാണെന്നും വെളിപ്പെടുത്തുമോ;

(ഡി) ഓരോ വിദേശയാത്രകളുടെയും ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെ ആയിരുന്നു;

(ഇ) ഇതുമൂലമുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർവ്വശ്രീ ജി. കാർത്തികേയൻ, കടവൂർ ശിവദാസൻ, ബാബു ദിവാകരൻ, കെ. വി. തോമസ്, പി. കെ. കുഞ്ഞാലിക്കുട്ടി, ചെർക്കളം അബ്ദുള്ള, കെ. എം. മാണി നാലകത്ത് സൂപ്പി, ഡോ. എം. കെ. മുനീർ, എം. വി. മാഘവൻ, പി. ശങ്കരൻ, കെ. ബി. ഗണേഷ് കുമാർ, ടി. എം. ജേക്കബ്, വക്കം പുരുഷോത്തമൻ, എ. പി. അനിൽകുമാർ, ആര്യാടൻ മുഹമ്മദ്, ഡൊമിനിക് പ്രസന്റേഷൻ, വി.കെ. ഇബ്രാഹിംകുഞ്ഞ്, കുട്ടി അഹമ്മദ് കുട്ടി, ഇ. ടി. മുഹമ്മദ് ബഷീർ, എം. എം. ഹസ്സൻ, ആർ. ബാലകൃഷ്ണപിള്ള, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. സി. വേണുഗോപാൽ, അടൂർ പ്രകാശ്, ശ്രീമതി കെ. ആർ. ഗൗരിഅമ്മ തുടങ്ങിയ മന്ത്രിമാരെ കൂടാതെ, മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും വിദേശ യാത്ര നടത്തിയിട്ടുണ്ട്.

(ബി—ഇ) വിവരം ശേഖരിച്ചു വരുന്നു.

മന്ത്രിമാരുടെ ഡൽഹി യാത്ര

23. [23] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ സംസ്ഥാനത്തെ ഏതെല്ലാം മന്ത്രിമാർ എത്ര തവണ ഡൽഹി യാത്ര നടത്തിയിട്ടുണ്ട്;

(ബി) മറ്റ് സംസ്ഥാനങ്ങളിലേക്ക് വിമാന യാത്ര നടത്തിയവർ ആരെല്ലാം; ഇവർ എത്ര തവണ മറ്റ് സംസ്ഥാനങ്ങൾ സന്ദർശിച്ചിട്ടുണ്ട്;

(സി) ഇതിനായി ഓരോരുത്തർക്കും വേണ്ടി ചെലവഴിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly